Sri. N. Daniel Jose : Is there any person who is actually trained in this line of work to be in charge of the institution?

Sri. L. M. Pylee : No.

Sri. K. A. Mathew : May I know whether any juvenile court has been established as required by the Children's Act.

Sri. L. M. Pylee : No.

Sri. K. A. Mathew : May I know whether any Probation Officers have been appointed as required by the Act?

Sri. L. M. Pylee : No. These are the only two provisions that require fulfilment.

Sri. K. A. Mathew : May I know what steps are being taken by the Government in fulfilling these?

Sri. L. M. Pylee : All these matters are under the consideration of the Government.

Sri. A. K. George : Are not the Government aware that there is already a trained person for the work in the Central Jail, Viyyur?

Sri. L. M. Pylee : We have no information. Perhaps there may be one.

Sri. K. A. Mathew: May I know whether the Government are aware that a Children Aid Society has been formed in the State?

Sri. L. M. Pylee : Some communication has been received about this.

ടാർക്കീറ്റ്

*൨൩൫. (൧൨൭) ശ്രീ. കെ. എ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) തിരുവല്ലാ–പുളിക്കീഴ് റോഡിൽ ഒരു മൈൽമുനിസിപ്പൽ റോഡ് ടാർക്കീറ്റ് ചെയ്യുന്നതിനുള്ള ഗവൺമെൻറ് സാങ്ക്ഷൻ കിട്ടിയതു എന്നാണ്;

(ബി) ഈ ടാർ ക്കീറിംഗിനുള്ള ചെലവിൽ ഒരംശം തിരുവല്ലാ മുനിസിപ്പാലിറ്റി വഹിക്കുന്നതിനു തീരുമാനിച്ചതും അതനുസരിച്ചുള്ള തുക മുനിസിപ്പാലിറ്റി എല്പിച്ചതും എപ്പോഴാണ്;

(സി) പണി ആരംഭിക്കുന്നതിനുള്ള കാലതാമസം എന്തുകൊണ്ട്?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. ജി. ചന്ദ്രശേഖരപിള്ള) :

(എ) ൧൯൫൨ ജനുവരിയിൽ.

(ബി) ൧൯൫൧ ആഗസ്റ്റിൽ തീരുമാനിച്ചുവെങ്കിലും ൧൯൫൨ മാർച്ചിൽ മാത്രമേ തുക എൽപ്പിച്ചിട്ടുള്ളൂ.

(സി) രണ്ടുപ്രാവശ്യം ടെണ്ടർവിളിച്ചിട്ടും എസ്റ്റിമേറ്റിൽ കൂടുതൽ റേറ്റിനുള്ള ഓരോ ടെണ്ടർമാത്രം കിട്ടുകയാൽ കുറഞ്ഞ ടെണ്ടർറേറ്റുപ്രകാരം എസ്റ്റിമേറ്റ് പുതുക്കി. അതിനാലാണ് താമസത്തിനു കാരണം.

ശ്രീ. കെ. എ. മാത്യു : എന്നത്തേക്ക് പണി ആരംഭിക്കുമെന്നു പറയാമോ?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള : എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ പുതുക്കി കഴിഞ്ഞാൽ മിക്കവാറും ഈ ബ്ലഡ്ഡറ്റവർഷത്തിൽതന്നെ പണിതുടങ്ങും.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ : ഒരു മൈൽ മുനിസിപ്പൽറോഡ് എന്നു പറയുന്നതു എവിടംമുതൽ എവിടംവരെയാണ്?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള. അതിപ്പോൾ പറയുവാൻ നിവൃത്തിയില്ല.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ : അതിൽ ടാർക്കീറ്റ് ചെയ്യുന്നതിനു എത്ര ചെലവുവരും?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജി. ചന്ദ്രശേഖരപിള്ള : ഉദ്ദേശം ൫ ൦ ൦ ൦ ൦ രൂപ ചെലവുവരും.

അദ്ധ്യാപകനിയമനം

*൨൩൯. (൧൯) ശ്രീ. കെ. എ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) സംസ്ഥാനത്തു് എല്ലാ സർക്കാർ വിദ്യാലയങ്ങളിലും ആവശ്യത്തിനുള്ള അദ്ധ്യാപകരെ നിയമിച്ചു കഴിഞ്ഞുവോ ;

(ബി) ഇല്ലെങ്കിൽ എത്ര സ്കൂളുകളിൽ അദ്ധ്യാപകർ തികയാതെയിരിക്കുന്നു ;

(സി) ഈ കുറവിനെ പരിഹരിക്കുന്നതിനു എന്തു നടപടികളാണു് ഗവണ്മെന്റു കൈക്കൊണ്ടിട്ടുള്ളതു് ?

വിദ്യാഭ്യാസവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എൽ. എം. പൈലി): (എ) സംസ്ഥാനത്തുള്ള എല്ലാ സർക്കാർ ഹൈസ്കൂളുകളിലും ഹ്രസ്വകാലാവധി ഒഴിവുകളിലേക്കൊഴിച്ചുള്ള സ്ഥാനങ്ങളിലെല്ലാം അദ്ധ്യാപകന്മാരെ നിയമിച്ചുകഴിഞ്ഞിട്ടുണ്ടു്.

(ബി) പ്രാഥമികവിദ്യാലയങ്ങളിലും മിഡിൽ സ്കൂളുകളിലും നിയമനം നടത്താത്ത ചില ഒഴിവുകൾ ഉണ്ടു്. അവയിൽ മിക്കതും ഹ്രസ്വകാലാവധി കൊടുത്തതുകൊണ്ടു് ഉണ്ടായിട്ടുള്ളവയാണു്. മിഡിൽസ്കൂളുകളിലുള്ള ഉയർന്ന ഗ്രേഡിലേക്കു് പ്രമോഷൻ കൊടുത്തതുമൂലം ഉണ്ടായിട്ടുള്ള വേറെ കുറച്ചു് ഒഴിവുകളിലും പ്രൈമറിസ്കൂളുകളിൽ നിയമനം നടത്താതെയുണ്ടു്.

(സി) പകരത്തിനു ആളെ നിയമിക്കുവാൻ പബ്ലിക്കു് സർവ്വീസ് കമ്മീഷനോടു് ആവശ്യപ്പെട്ടിട്ടുണ്ടു്. ഓരോ പള്ളിക്കൂടങ്ങളിലും ഇപ്പോഴുള്ള അദ്ധ്യാപകന്മാർതന്നെ വലിയ വീഴ്ചകൂടാതെ അദ്ധ്യയനം നടത്തുന്നതും നടത്തിക്കൊണ്ടിരിക്കുന്നതുമാകുന്നു.

ശ്രീ. കെ. എ. മാത്യു : എതെങ്കിലും ഹൈസ്കൂളുകളിൽ ഇപ്പോഴും അദ്ധ്യാപകന്മാരെ നിയമിക്കാതെയുണ്ടോ ?

ശ്രീ. എൽ. എം. പൈലി : സംസ്ഥാനത്തെ എല്ലാ സർക്കാർ ഹൈസ്കൂളുകളിലും ഹ്രസ്വകാലാവധി ഒഴിച്ചുള്ള സ്ഥാനങ്ങളിലെല്ലാം അദ്ധ്യാപകന്മാരെ നിയമിച്ചുകഴിഞ്ഞിട്ടുണ്ടു്.

ശ്രീ. കെ. എ. മാത്യു : ഹ്രസ്വകാലാവധിയിൽ അദ്ധ്യാപകന്മാരെ നിയമിക്കാതെയിരുന്നാൽ കുട്ടികളുടെ പഠിത്തം എങ്ങിനെ നടക്കുമെന്നാണു് ഗവണ്മെന്റു വിചാരിക്കുന്നതു് ?

ശ്രീ. എൽ. എം. പൈലി : കുറച്ചുനാളത്തേക്കു് മാത്രമുള്ള അവധിയാണതു്. By Some adjustment, redistribution of work, etc.

ശ്രീ. കെ. എ. മാത്യു : അത്രയുംനാൾ അദ്ധ്യാപകന്മാർ ഇല്ലാതിരുന്നാൽ അതു വളരെ അസൗകര്യമാണെന്നു ഗവണ്മെന്റിനു അറിയാമോ ?

Sri. L. M. Pylee : That is only a matter of opinion.

ശ്രീ. പി. നാണു : പബ്ലിക്കു് സർവ്വീസ് കമ്മീഷൻ റിക്കൂട്ടുചെയ്തിട്ടുള്ള എല്ലാവരേയും അദ്ധ്യാപകന്മാരായി നിയമിക്കുവാൻ ഗവണ്മെന്റു ഡിപ്പാർട്ട്മെന്റിനു അനുവാദം കൊടുത്തിട്ടുണ്ടോ ?

ശ്രീ. എൽ. എം. പൈലി : അപ്രകാരംചെയ്യാൻ ആളുകളെ ഡിപ്പാർട്ട്മെന്റിൽ ആവശ്യമുള്ളിടത്തോളം നിയമിക്കുന്നുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly